**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1906** **05-07-2022 - ൽ മറുപടിയ്ക്ക്**

**താറാവ് കർഷകർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ക്രിസ്തുസ് സീസണിൽ കുട്ടനാട്ടിൽ വ്യാപകമായി രോഗം ബാധിച്ച് ലക്ഷക്കണക്കിന് താറാവുകൾ ചത്ത് ഒടുങ്ങിയതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലായി പക്ഷിപ്പനി ബാധിച്ച് 46,702 താറാവുകളാണ് മരണപ്പെട്ടത്. രോഗം ബാധിച്ച എപ്പിസെന്ററിന്റെ ഒരു കിലോമീറ്റർ ചുറ്റളവിലായി 1,11,217 വളർത്തു പക്ഷികളെ നശിപ്പിക്കുകയുണ്ടായി. |
| (ബി) | ഒട്ടനവധി കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് 66 കർഷകരുടെ താറാവുകളെ കൊന്ന് നശിപ്പിക്കുകയും രോഗം ബാധിച്ച് ചത്ത് പോകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 65 കർഷകരുടെ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്ത പഞ്ചായത്തുകളിലും അയൽ പഞ്ചായത്തുകളിലും വളർത്ത് പക്ഷികളുടെ കടത്തൽ നിരോധിച്ചുകൊണ്ട് കളക്ടറുടെ നിരോധനം നിലവിൽ വന്നതിന് ശേഷം പ്രസ്തുത പഞ്ചായത്തുകളിലേയ്ക്ക് താറാവുകളെ മനഃപൂർവ്വം കൊണ്ടുവന്ന് രോഗവ്യാപനം ഉണ്ടാക്കിയതിനാൽ ഒരു കർഷകനു നഷ്ടപരിഹാരം നല്കിയിട്ടില്ല. മറ്റു 65 കർഷകർക്കായി 3,01,21,195/-രൂപ നഷ്ടപരിഹാരം നല്കിയിട്ടുണ്ട്. |
| (സി) | താറാവ് കർഷകർക്ക് ബോധപൂർവം നഷ്ടപരിഹാരം നിഷേധിക്കാൻ ശ്രമിക്കുന്നവരെ കണ്ടെത്തി തക്കതായ നടപടി സ്വീകരിക്കുന്നതിനു നിർദ്ദേശം നൽകുമോ? | (സി) | താറാവ് കർഷകർക്ക് ബോധപൂർവ്വം നഷ്ടപരിഹാരം നിഷേധിയ്ക്കാൻ ശ്രമിക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ